

രണ്ടാം ഊഴം
A SECOND CHANCE

K. COLLEGE OF ... ENGG & TECH
LIBRARY
TAVANUR

# പിന്നണിയിൽ

| | |
|---|---|
| എഡിറ്റർ | ഗംഗ. എ. |
| സബ് എഡിറ്റർ | അൻഷാദ്. കെ |
| | ജൂന ഷെറിൻ. എ. |
| | വിപുല ബി. എൻ |
| | ശരണ്യ. എ |
| | അഞ്ജലി. എസ് |
| | കൃഷ്ണേന്ദു സലിലൻ |
| | ആതിര സജി. |
| | ദർവിഷ് ഹുസൈൻ എം. |
| മുഖചിത്രം | അൻഷാദ്. കെ. |

# സമർപ്പണം




To all who have
put their lives on
the line
in defense of
Our flag



കോഴിക്കോട്ട്കാരുടെ

# "ആൾ ദൈവങ്ങൾ"



കൈ പിടിച്ചുയർത്തിയത്

കടലിന്റെ മക്കൾ

ചാക്ക് നിറയെ സ്നേഹം തന്ന് പെരുന്നാളാഘോ-
ഷിക്കുന്ന നൗഷാദിക്കയെ പോലുള്ളവരുടെ
നാടാണ്



അത്ര പെട്ടെന്നൊന്നും തോറ്റുതരില്ല!

"പുതിയ തലമുറയോട് ഇനികഥകൾ പറയുമ്പോൾ പ്രളയകാലത്ത്
ദൈവം വസ്ത്രകച്ചവടക്കാരനായി വന്ന കഥയും
പറയും.....!"




" നെലവറയ്ക്കകത്ത് സ്വർണ്ണവും

നെഞ്ചിനകത്തു സ്നേഹവും നെറഞ്ഞ ശ്രീ

പദ്മനാഭസ്വാമിടെ നാട്ടുകാരനാടെയ്

ഞാൻ"

മേയർ ബ്രോ ഇവ്ടീടം.

# ആമുഖം

ഓരോ പിറവിക്ക് പിന്നിലും ലക്ഷ്യങ്ങൾ പലതാണ്. എന്നാൽ ഒരു ചോദ്യചിഹ്നമാവുമ്പോൾ അവയ്ക്കെല്ലാമുള്ള ഉത്തരം തേടലാണ് ജീവിതം. ചിന്തയിൽ ഭ്രൂണാവസ്ഥ കഴിഞ്ഞ്, തൂലികത്തുമ്പിൽ പിറന്ന്, വായനക്കാരിലൂടെ വളരുന്ന, ഇരുളിനെയും വെളിച്ചമാക്കാൻ കഴിവുള്ളവയാണ് ഓരോ വാക്കുകളും. ശൂന്യതയിൽ നിന്നുള്ള ഒരു കൂട്ടം ആശയങ്ങളുടെയും, ചിന്തകളുടെയും, അതിജീവനമാണ് ഓരോ സൃഷ്ടിയും, പതറിനിന്ന വഴികളിൽ, ഉത്തരം മുട്ടിനിന്ന ചോദ്യങ്ങളിൽ തങ്ങൾക്കു മുന്നിൽ വന്ന തീരങ്ങളും ഉത്തരങ്ങളുമാണ് 'തണ്ടാവുളത്തി'ലെ ഓരോ താളുകളും.

ഇനി നിനക്കു തുടർന്നു വരാം
നീയായ് യാത്ര തുടങ്ങാം
ചിന്ത മുതൽ ചിറവി വരെ
ഓരോന്നായ് തൊട്ടറിയാം

# മണ്ണും ചാരി നിൽക്കുന്നവർ അറിയാൻ


- ഒരു ഭാവന

"ഈ മണ്ണും പൊടിയും ചവിട്ടി ഇങ്ങോട്ട് കയറി വരല്ലേന്ന് ഒരു നൂറുവട്ടം പറഞ്ഞിട്ടില്ലേ, മനുഷ്യാ!" അന്നൊക്കെ എന്തൊരു അലറലായിരുന്നു. തമ്പുരാട്ടി കൊച്ചമ്മേടെ കൊട്ടാരം പോലത്തെ വീട്ടിൽ ഇപ്പൊ ആളുമില്ല അനക്കവുമില്ല. അന്ന് അടിച്ച് പുറത്ത് തള്ളിയ മണ്ണും പിന്നെ ചളിവെള്ളവും മാത്രം ഇവിടെ തളം കെട്ടികിടക്കുന്നു. ഹൊ, കാലത്തിന്റെ ഒരു പോക്കേ!! ഞാൻ മറ്റാരുമല്ല. നിങ്ങളുടെയൊക്കെ കാലിന്റെ കീഴിൽ അമർന്ന് ഞെരുങ്ങാറുള്ള മണ്ണ് അഥവാ വെറും പൊടി. ഒരു സഞ്ചാരത്തിന്റെ വിശേഷങ്ങൾ പങ്കുവയ്ക്കാനാണ് ഞാനിതെഴുതുന്നത്. നിങ്ങൾക്ക് അത് ഒരുപക്ഷേ ഒരു പ്രളയകാലത്തിന്റെ ഓർമ ആയിരിക്കാം. തിമിർത്ത് പെയ്ത മഴയിൽ ഒലിച്ചുപോയ ഞങ്ങൾ അന്ന് ആ പോക്കിൽ പലരുടെയും ജീവനും സമ്പാദ്യവും ഒന്നാകെ അങ്ങെടുത്തു. അന്ന് മണ്ണിലാഴ്ന്നും വെള്ളത്തിൽ മുങ്ങിയും പോയ മനുഷ്യരെ രക്ഷിക്കാൻ അവരുടെ ആട്ടും തുപ്പും കേട്ട് മടുത്ത പാവപ്പെട്ട തൊഴിലാളികളും ബംഗാളി മിത്രങ്ങളും ഒന്നിനും കൊള്ളാത്തവർ എന്ന് പഴി കേൾക്കുന്ന യുവാക്കന്മാരും ഒക്കെ ഒത്തുചേർന്നില്ലേ. മനുഷ്യന്റെ പ്രതാപങ്ങളുമെല്ലാം നൈമിഷികമെന്ന് തെളിയിക്കാൻ ഇതിലും അപ്പുറം എന്ത് വേണം. ഒരു മലവെള്ളപ്പാച്ചിലിൽ ഒഴുകിയില്ലേ എല്ലാം. മറ്റൊരു വശത്ത്, മഴയെയും ദൈവത്തെയും എല്ലാം പഴി ചാരികൊണ്ടിരിക്കുന്ന ഒരു കൂട്ടം മനുഷ്യർ. ഒന്നോർത്താൽ, ഈ കാലാവസ്ഥ വ്യതിയാനത്തിനും അതിന്റെ മുമ്പിൽ പിടിച്ചുനിൽക്കാനാവാത്ത പ്രകൃതിസംവിധാനത്തിനുമെല്ലാം

കുറ്റം ആത്യന്തികമായി മനുഷ്യരുടെ പ്രവർത്തികൾക്ക് തന്നെയാണ്. ഇരിക്കുന്ന സ്ഥലത്ത് ഉറച്ച് നിൽക്കാൻ നിങ്ങൾക്കുള്ളത് പോലെ ഞങ്ങൾക്ക് കൈയും കാലും ഒന്നുമില്ലല്ലോ. ഞങ്ങളെ പിടിച്ചു നിർത്തുന്ന വേരുകളെ നിങ്ങൾ തന്നെ ഇല്ലാതാക്കിയതല്ലേ. സംരക്ഷണത്തിനായി നിർമ്മിച്ച കോൺക്രീറ്റ് ഭിത്തികൾ തന്നെ നിങ്ങൾക്ക് വിനയായി തീർന്നു. അതിനുപകരം കുറച്ച് മരങ്ങൾ നട്ടിരുന്നെങ്കിൽ എത്രയോ ഉപകാരപ്രദമായി തീരുമായിരുന്നു. അതിജീവനത്തി-നപ്പുറം ഈ വിപത്തുകളെ തടയുന്നതിനെക്കുറിച്ചും ചിന്തിക്കേണ്ട സമയം വന്നുകഴിഞ്ഞു. ഈ പ്രളയകാലത്തെ സഞ്ചാരത്തിനിടെ പല തരത്തിലുള്ള മനുഷ്യരെ ഞാൻ കണ്ടു. ഇത്രമാത്രം മനുഷ്യത്വവും സ്നേഹവും സഹായമനസ്-കതയും നിങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നുവോ എന്ന് ഞാൻ അത്ഭുതപ്പെടുന്നു. ഞാനടങ്ങിയിരിക്കുന്ന ഈ പ്രകൃതിയോടും ഇതേ സമീപനം തന്നെ കാണിക്കണം എന്ന് മാത്രമാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. പ്രകൃതിയുടെ ഉൾത്തുടിപ്പ് അറിയാൻ, ആവുന്ന രീതിയിൽ അതിനെ പരിപാലിക്കാൻ ഒരു ചുവട് മുന്നോട്ട് വച്ചാലും. നിങ്ങൾക്ക് മാത്രമേ അതിനു കഴിയൂ.

എന്ന്
സ്വന്തം,
മണ്ണ്

~ Susan Sunny


ROLVIN PRASANNA DERA


VOTE

# സ്പർശിക്കൂ ഈ അസ്പൃശ്യരെ ......

"തൊട്ടുകൂടായ്മ" എന്ന സാമുദായികാചാരം, നൂറ്റാണ്ടുകളായി കോടിക്കണക്കിനുള്ള ജനസഞ്ചയത്തിന്റെ മേൽ അവരോധിക്കപ്പെട്ടിരുന്ന. അശുദ്ധിയും അനാചാരവും 'ചാതുർവർണ്യ' വ്യവസ്ഥയുടെ ഒരു വിചിത്രമായ സൃഷ്ടിയാണ്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ വിഭാഗങ്ങളാണ് ചാതുർവർണ്യത്തിൽ ഉൾപ്പെടുന്നത്. ഇതിലുൾപ്പെടാത്ത വർഗത്തെ "തൊട്ടുകൂടാത്തവർ" എന്ന് വിളിക്കപ്പെടുന്നു.


ഹൈന്ദവസംസ്കാരത്തിന്റെ 'വിചിത്രസൃഷ്ടി' എന്ന് മുന്നേ വിശേഷിപ്പിച്ചിരുന്ന ഈ 'തൊട്ടുകൂടായ്മ' ഹൈന്ദവമതത്തിന് തീർത്തും കളങ്കമായി വരുത്തിവച്ച ഒരു ദുരാചാരം തന്നെയാണ്. ചാതുർവർണ്യവ്യവസ്ഥ ഒരു സംസ്കാരമായി മുനിമാരും ചില സാമൂഹ്യശാസ്ത്ര പണ്ഡിതന്മാരും ചിത്രീകരിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇത് ഒരു വലിയ ജനസമൂഹത്തെ അടിമകളാക്കി അവരുടെ മാനുഷികാവകാശങ്ങളെ നിഷേധിക്കുന്നതിന് ബ്രാഹ്മണർ അവലംബിച്ച ഒരു മാർഗമായി മാത്രമേ അധഃസ്ഥിതവർഗ്ഗ മനസിലാക്കുകയുള്ളൂ.

മനുസ്മൃതി പറയുന്നത് ഇങ്ങനെ: "ബ്രാഹ്മണക്ഷത്രിയോ വൈശ്യസ്ത്രയോ വർണ്ണാ ദ്വിജാതയ: ചതുർത്ഥ ഏക ജാതിസ്തു ശൂദ്രോനാസ്തി തു പഞ്ചമ: (10/4)' അതായത്, "ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്ന് 3 വർണ്ണക്കാർ ദ്വിജന്മാരാണ്. നാലാമനായ ശൂദ്രന് ഏകജന്മമേയുള്ളൂ. അഞ്ചാമത്തൊരു ജാതിയില്ല." സവർണ്ണരെന്നും അവർണ്ണരെന്നും ജനസമൂഹത്തെ രണ്ടായി തരംതിരിക്കുകയും അവർണ്ണരെ തൊട്ടുകൂടാത്ത വർഗമാക്കുകയാണുണ്ടായതെന്നും ചിന്തിക്കാവുന്നതാണ്.

ഈ വസ്തുത തന്നെയാണ് 'മനു' തന്റെ സ്മൃതികൾ മുഖേന ഉദ്ദേശിച്ചിട്ടുള്ളതെന്നും യാഥാസ്ഥിതികരായ ഹിന്ദുക്കൾ വിശ്വസിക്കുന്നു. ഏതുവിധം മനുസ്മൃതിയുടെ കാലത്തുതന്നെ അയിത്താചാരം സമൂഹത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ടാവണം. മനുസ്മൃതി എഴുതപ്പെട്ടതുതന്നെ ബ്രാഹ്മണവംശത്തിന്റെ, അവർ ചെയ്യുന്ന തെറ്റുകുറ്റങ്ങളെ നീതീകരിക്കാനുപകരിക്കുന്ന ഒരു വിശുദ്ധഗ്രന്ഥമായിട്ടാണ്. ബ്രാഹ്മണർ ചെയ്യുന്നത് നല്ലതാകിലും തീയതാകിലും അവയെ നീതീകരിക്കുന്നതിന് യോജിച്ച ഒരു ഗ്രന്ഥം 'മനു' എഴുതുകയും അതിനെ ബ്രാഹ്മണമതം അംഗീകരിക്കുകയുമാണുണ്ടായത്. ഇങ്ങനെയാണ് മനുസ്മൃതി, ചാതുർവർണ്യത്തെ ദൈവികമാക്കിയത്.

തൊട്ടുകൂടായ്മ, അതിന്റെ ഉത്ഭവസാഹചര്യങ്ങൾ, വളർച്ച, അത് ഭാരതീയ സാമൂഹ്യ ജീവിതത്തിൽ വരുത്തിക്കൂട്ടിയ വ്യതിയാനങ്ങൾ എന്നിവ വരച്ചുകാട്ടുവാൻ ഏറെയാണ്. ആധുനിക തലമുറയെങ്കിലും ഈ വിഷയങ്ങളെ ആഴത്തിൽ അപഗ്രഥിച്ച് ഈ ദുരാചാരം, ഇന്നും നിലനിൽക്കുന്ന ഈ ദുരാചാരം സമൂഹത്തിൽ നിന്നും തുടച്ചുമാറ്റുവാനുള്ള സൃഷ്ടിപരമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കട്ടെ.

കടപ്പാട് :- അസ്പൃശ്യർ, ഡോ. ബി. ആർ. അംബേദ്കർ



# ഷിന്റെ ശരി

അന്നാദ്യമായ് നിനക്കെതിർ നൂറുവിരലുകൾ ഉയർന്നു.
എങ്ങും ശാസനകൾ മുഴങ്ങി...
അന്നാദ്യമായ് നിന്നിൽ കുറ്റം ആരോപിക്കപ്പെട്ടു.
ശാസനകൾക്ക് ഭാവം മാറി തുടങ്ങി...

നാം ഒന്നെന്ന് പാടി നടന്നവർ
ഞങ്ങൾ ഒന്നെന്ന് പാടി തുടങ്ങി.
അന്ന് നിന്റെ ശരികൾക്ക് മുന്നിൽ നി. നടത്തിയ
ഒറ്റയാൾ പോരാട്ടമായിരുന്നു അവൾ കണ്ടതിൽ
ഏറ്റവും ദൃഢമായ സമരം.

നിന്റെ ശരികൾക്ക് നീതി കിട്ടാൻ
ആൾക്കൂട്ടത്തിൽ അന്നവൾ ആദ്യമായ് ശബ്ദമുയർത്തി.
നിനക്കെതിർ നീണ്ട നൂറു കൈകൾ
തെല്ലു ദയയില്ലാതെ അവൾക്കെതിരെയും ഉയർന്നു.

ഉറ്റവരുടെ നൂറു ശാസനകൾക്കിടയിലും
അവളുടെ ശബ്ദം വാനിലുയർന്നു തന്നെ നിന്നു.
നിന്റെ ശരികൾ അവൾ വീണ്ടും ഉരുവിട്ടു.
നിന്റെ പോരാട്ടങ്ങൾക്ക് അവൾ നീതി നൽകി.

ഒപ്പമുണ്ടായിരുന്ന മുഖങ്ങൾ ഒന്നൊന്നായി തിരിഞ്ഞു...
പിൻവാക്കുകൾക്ക് മൂർച്ചയേറി തുടങ്ങി...
തമ്മിൽ കലർത്തി ആരോപണങ്ങൾ ഉയർന്നു..
എങ്കിലും നിന്റെ ശരികൾ
അവൾ അവളുടേതാക്കി മാറ്റി.

വർഷങ്ങൾക്കപ്പുറം അതേ ആൾക്കൂട്ടത്തിൽ
ഒറ്റയ്ക്ക് നടക്കുമ്പോൾ
മറ്റെവിടെയോ നിന്റെ ശരികൾക്ക് നീതി
ലഭിച്ചിരിക്കാം എന്നവൾ വിശ്വസിച്ചു.

അന്ന് ഒറ്റയാൾ പോരാട്ടത്തിന് പിന്തുണയുമായി വന്നവൾ
ഇന്ന് പോരാട്ടത്തിന് ശരികളില്ലാതെ പാതിവഴിയിൽ നിൽക്കുന്നു.
നിനക്ക് വേണ്ടി പോരാടിയ കാരണത്താൽ അവൾക്ക്
നഷ്ടമായത് അക്കാലമത്രയും
തുണയേകിയ ഉറ്റവരായിരുന്നു.

മറ്റൊരിടത്ത് ഇന്ന് നിന്റെ ശരികൾക്ക്
നൂറുപേർ പിന്തുണയേകുമ്പോൾ
നീ തനിച്ചാക്കിയത് നിന്റെ ശരികളെ മാത്രം വിശ്വസിച്ച്
നിന്റെ പോരാട്ടങ്ങൾക്ക് അഗ്നിയുടെ വീര്യം തന്ന്
നിന്റെ കൂടെ നിന്നവളെയാണ്.

തെല്ലുപോലും കുറ്റബോധമില്ലാതെ
ഇന്നുമവൾ പറയുന്നു...
മറ്റെവിടെയോ നിന്റെ ശരികൾക്ക് നീതി കിട്ടിയിരിക്കാം.
നിന്റെ ശരികൾ നടപ്പിലായിരിക്കാം, നീയാണ് ശരി.

-ഗോപിക സുബ്രഹ്മണ്യൻ.



# ADDICTION TO LIFE

What is the first thing that runs into your mind when you hear the word "**ADDICTION**"?...


Well I bet it is those homeless, ruined, broken, psychopaths who live for drugs, right?.. If not fine, perception varies and getting it straight am not here to write about that never ending love story of **ADULTHOOD AND DRUG ABUSE...**

But the truth is addiction is the fact or condition of being addicted to a particular substance or activity. Yes it can be anything, of course a drug, a place, a food or even a person, list is endless. Whatever it may be they all serve the same purpose to you. They are so deceiving that when they come in to your life they make you feel the best and yet they stab you in the back & loot everything that once made you what you were. This is where I would like to make my point. So is addiction such a cursed word afterall?. If you ask me I would say no. Addiction can change a person for good. If the addiction you crave helps you to be a better version of you, if it helps you to give

away your impish natures then I would say it's not addiction that ruins one's life. It's the choice we make. Get addicted to life. Embrace the little things that make us what we are. Life is the most addictive drug that one can ever get addicted to. A wise man once said, 'whatever it may be, it's always your story and you can always change the ending'. If your addiction proves to be an obstruction for your and the happiness of the once that matters never be afraid to start new. It can be a lonely process but it will be worth it.


After all we are all just moments. So get addicted, get addicted to a better you...

Abinav E. Bai



# 'രണ്ടു തരം പുഴുക്കൾ'

"അമ്മടീ അവിടെ ഒച്ചയുണ്ടാക്കുന്നേ... പന്നനി...!"
പതിവുപോലെ അക്കുന്നിന്റെ മുകളിലെ ഓലമേഞ്ഞ കൂരയിൽ നിന്നും കാളിത്തള്ള വിളിച്ചു കൂവി. താഴെയുള്ള പനലോസേട്ടന്റെ റബ്ബറുംതൊടിയിലെ കുളത്തിൽ നിന്നും വെള്ളം കോരി അലക്കി കൊണ്ടിരിക്കുകയായിരുന്ന ജാനമ്മ. ഇനിയിട് കല്ലിൽ തല്ലുന്ന ശബ്ദം കേട്ടാണ് കാളിത്തള്ള അവിടെ നിന്ന് വിളിച്ചു കൂവുന്നത്. പിന്നിടങ്ങോട്ട് പുലഭ്യം പറച്ചിലായിരുന്നു. ആര് എന്തൊക്കെ ഒച്ച ഉണ്ടാക്കിയാലും കാളിത്തള്ളയ്ക്കു പിടിയ്ക്കില്ല. പിന്നെ അവർക്ക് തെറി കേൾക്കാതെ തരമുണ്ടാകു. ജാനമ്മയെ കാളിത്തള്ള ചീത്തവിളിക്കുന്നത് കേട്ടപ്പോൾ ജാനമ്മ അലക്കലൊന്ന് ഉഷാറിലാക്കി. അടുത്ത ഉച്ചവരെ മുന്നിൽ നിന്നും കേടാതിരിക്കാനുള്ള അലക്കായിരുന്നത്. സമയം അപ്പോഴേക്കും സന്ധ്യ മയങ്ങിയിരുന്നു.



കാളിത്തള്ള കുന്നിന്റെ മുകളിൽ നിന്നും ഒച്ചയുണ്ടാക്കാൻ തുടങ്ങി. ഇടയ്ക്കു നാടൻ പാട്ടു പോലെ നല്ല താളത്തിൽ ഓരോ പാട്ടും പാടും. ആ പാട്ടു ശ്രദ്ധിക്കുന്നവർക്കേ എന്താണ് കാളിത്തള്ളയുടെ പരിതാപാവസ്ഥയ്ക്കു കാരണമെന്ന മനസ്സിലാക്കാൻ സാധിക്കൂ. ഏകദേശം എഴുപതിന് അടുത്തായി ഉണ്ടാകും വയസ്സ്. പക്ഷേ എന്നാലും ഒച്ചയിടുന്നതിന്റെ അക്കത്തിന് ഒരു കുറവുമില്ല. കറുത്ത് തടിച്ച് മുടി മുഴുവനും വെളുത്ത് നരച്ച് ആരോഗ്യവതിയായ ഒരു രൂപം. സന്ധ്യ ഇരുട്ടിയപ്പോൾ അതാ അവിടെ മൂലയിൽ നിന്നും ഒരു വിളി. "ഉമ്മേ....." അപ്പോൾ എന്റെ അമ്മ ഉമ്മറത്തിരുന്ന പറയും "ഹാ, ഗോപേട്ടനെത്തിയോ, ഇനിയോ ഉറങ്ങണ്ട." കാളിത്തള്ളയുടെ മൂന്നാമത്തെ മകനാണ് ഗോപൻ. തടിയും മുടിയും നീട്ടി വളർത്തി നീണ്ടു വെളുത്ത ശരീരത്തിൽ

ഇത്ര ഗോപേട്ടനെ കണ്ടാൽ ഒരു ബുദ്ധിജീവിയാണെന്നേ പറയൂ. നാട്ടുകാരെപ്പോലും പറയും, 'ഏതോ ഒരു വെള്ളം പ്പിടിച്ചതാണ്, ഒന്ന് കൊളുത്തിയാൽ വന്നി കത്തികരിയുമെന്ന്". ചെറിയൊരുരുവത്തെ കാണുമ്പോൾ ചെങ്കോ ഒരു സാഹിത്യകാരനെ പോലെ തോന്നും. ശരിക്കും പറഞ്ഞാൽ ഒരു ബോസ്‌വെല്ലിന്റെ ലുക്ക്.

അയാൾ വീട്ടിലേക്ക് കയറി പോകുന്നത് നാട്ടുകാർക്കു മുഴുവൻ അറിയാൻ സാധിക്കും. ഒപ്പം ഒരാട്ടിൻ കുട്ടിയുടെ കരച്ചിലും കേൾക്കാം. ചെന്നാൽ കള്ളുകുടിയും വഴക്കും കഴിഞ്ഞ് ഇരുട്ടായി തിരിച്ചു വരുമ്പോഴാണ് അയാൾ നാട്ടുനത്തെ പാലിൽ വെയ്ക്കാൻ കെട്ടിയ ആട്ടിൻ കുട്ടിയെ അഴിച്ചെടുത്തു പോവുക. അക്കയ്യിൽ ചെന്നിയാൽ പിന്നെ അവര് രണ്ടുപേരും തമ്മിൽ തെറിവിളിയും കലഹവുമാണ്. അതും ചെന്നവരെന്ന് ആർക്കും തോന്നില്ല.

കൂടാതെ ചെന്ന പറയുമ്പോൾ അങ്ങോട്ടേക്ക് മഴയും വെയിലും കൊള്ളാതെ കിടക്കാൻ വേണ്ടി ഓലമേഞ്ഞ് അതിനു മുകളിൽ ഒരു ടാർപായ വലിച്ചു കെട്ടിയ ഒരു കൂടാരം. അതിലൊരു അടുപ്പും രണ്ടു കലങ്ങളും ഒരു കട്ടിലും. അവിടെയാകെ മലത്തിന്റെയും മൂത്രത്തിന്റെയും വാടം കൊണ്ട് ആർക്കും അടുക്കാൻ പറ്റില്ല. കാളിത്തള്ളയ്ക്ക് നടക്കാൻ കഴിയാത്തതിനാൽ ഇരുന്നിടത്തു തന്നെ കാര്യം സാധിക്കലാണ് പതിവ്. ഇടയ്ക്ക് അതിൽ ഒരു കുളിയുമുണ്ട്, കൊച്ചു കുഞ്ഞുങ്ങളെ പോലെ! മുണ്ടിലും നൂനാസിലുമെ വലവും മക്കളും നാറ്റങ്ങളാകും. വെള്ളം കണ്ടിട്ട് കാലങ്ങളായെന്നാണ് പറയുന്നത്. ആദ്യമെല്ലാം ഗോപേട്ടൻ താഴെ കുഴിയിൽ നിന്നും വെള്ളം കോരി കൊണ്ടുപോയി അവരെ ഒന്ന് കുളിപ്പിക്കുമായിരുന്നു. പക്ഷെ ഗോപേട്ടനും പ്രായമേറി. വെള്ളം അത്രക്ക് വലിച്ചു കേറ്റി കൊണ്ടുപോകാനുള്ള ത്രാണിയില്ലാതായപ്പോൾ അതും നിർത്തി. ഇപ്പോൾ കുടിക്കാനും ഭക്ഷണം പാകം ചെയ്യാനും വേണ്ടി ഒരു കുടം വെള്ളം കൊണ്ടു പോകും. ഒരു ദിവസം

വെള്ളം മുക്കാലും പാട മൂടിയ പോലെയാണ് അതിൽ നായ ചത്തുകിടക്കുന്നത് ഗോപേട്ടൻ കണ്ടത്. അതേ പിന്നെ നാലഞ്ച് ദിവസം ഞങ്ങളുടെ കിണറിൽ നിന്നാണ് അദ്ദേഹം വെള്ളം കൊണ്ടുപോയിരുന്നത്. അത് വളരെ ദൂരെയായിരുന്നതിനാൽ നാലഞ്ചു ദിവസത്തോടെ അതും അവസാനിപ്പിച്ചു. വീണ്ടും അയാൾ പഴയ കുഴിയിൽ നിന്നുതന്നെ വെള്ളം കോരാൻ തുടങ്ങി. ഉണ്ടെല്ലാം ഓണത്തിനും വിഷുവിനെല്ലാം അവർ കാളിതള്ളക്കു കൊടുത്താഴി ദക്ഷിണ. തന്നെയും. ഇപ്പോൾ പേടികാരണം ഞാനങ്ങോട്ട് പോവാതായി.

ദുഃഖിത ജീവിതമാണ് അവരുടേത് എന്ന് പറയാൻ അത്രം അവർ പിടികൊടുത്തില്ല. അവർക്കിടയിലെ പഞ്ഞത്തിലും ഉപദ്രവത്തിലും അവർ സന്തോഷം കണ്ടെത്തിയിരുന്നു. അങ്ങനെയിരിക്കെയാണ് ആ നാട്ടിലുള്ള BJP സംഘടന അവർക്ക് വീട് വച്ചുകൊടുക്കാമെന്നേറ്റത്. പക്ഷേ സ്ഥലം അതിനൊരു പ്രശ്നമായിരുന്നു. അപ്പോഴാണ് ഞങ്ങളുടെ നാട്ടിലുള്ള ഷൈനിചേട്ടൻ ആ സഹായത്തിനെത്തിയത്. പാർട്ടിക്കാരുടെയും ഷൈനിചേട്ടന്റെയും സഹായഹസ്തങ്ങൾ കൊണ്ട് അവർക്ക് ചെറിയൊരു വീട് ലഭിച്ചു. അന്നുമുതൽ അപ്പോഴും പഴയ ശീലങ്ങൾ തുടർന്നു. ഗോപേട്ടന്റെ കള്ളുകുടിയിൽ അയാളും, കാളിതള്ളയുടെ പുലമ്പൽ പാച്ചിലിൽ അനസ്ത്രീയും സന്തോഷം കണ്ടെത്തി. പക്ഷേ അത് അധികനാൾ നീണ്ടില്ല. കാളിതള്ള പോകെപോകെ അവശയായി തുടങ്ങി. അങ്ങനെ ഒരു ദിവസം അവരുടെ മൂത്ത മകൻ ഗോപേട്ടനറിയാതെ ആ വീട്ടിൽ നിന്നും അവരെ അയാളുടെ വീട്ടിലേക്ക് കൊണ്ടുപോയി.

സന്ധ്യയ്ക്ക് വീട്ടിൽ വന്നുകേറിയ ഗോപേട്ടന് അമ്മയെ കാണാൻ സാധിച്ചില്ല. നാട്ടുകാർ പറഞ്ഞാണ് തന്റെ ചേട്ടൻ അമ്മയെ കൊണ്ടുപോയെന്ന് അയാൾ അറിഞ്ഞത്. അന്ന് അയാൾ ഒരുപാട് കള്ളു കുടിച്ചു. ഇത്രേം കാലം ഞങ്ങളെ

തിരിഞ്ഞു നോക്കാതിരുന്ന പേടിത്തൊണ്ടന്റെ അവസ്ഥയായിരുന്നു അയാളുടെ മനസ്സിൽ. അങ്ങനെ ഒരുപാട് ദിവസങ്ങൾ കടന്നുപോയി. ഇപ്പോൾ ആ നാട്ടിൽ ആർക്കും ഭയമില്ലാതെ ബഹളം വയ്ക്കാം, അലക്കാം. പക്ഷേ അതൊക്കെയും അയാൾക്കു എല്ലാം നഷ്ടപ്പെട്ടിരുന്നു. പേടിത്തൊണ്ടന്റെ ദേഷ്യം അയാൾ അമ്മയോടും കാണിച്ചു. അതു കൊണ്ടുതന്നെ അമ്മ മരണ കിടക്കയിൽ കിടക്കുകയാണെന്നറിഞ്ഞിട്ടും, അമ്മ മകനെ കാണണമെന്ന് അപേക്ഷിച്ചെന്നറിഞ്ഞിട്ടും അയാൾ അമ്മ-യുടെ അടുത്തേക്ക് പോവാനോ കാണാനോ കൂട്ടാക്കിയില്ല. നാട്ടുകാരും ബന്ധുക്കളും എല്ലാം പറഞ്ഞു നോക്കി. അയാൾക്ക് താൻ പറ്റില്ലെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറി.

“കാളിത്തള്ള മരിച്ചുവത്രേ”, എന്റെ അമ്മ അവിടെ ആരോടോ ആശ്ചര്യപ്പെട്ട് പറയുന്നുണ്ടായിരുന്നു. ഞാനും ഞെട്ടി. “97 വയസ്സായി അവർക്ക്, നാളെ”. അത് കേട്ടപ്പോൾ അവർ 100 തികയാതെ പോയതിന്റെ സങ്കടമായിരുന്നു എനിയ്ക്ക്. കുറേ ദിവസം നരകിച്ച് കിടന്നു. തന്റെ മകനെ കാണാത്തതിന്റെ വിഷമം കൊണ്ടാണ് അവർ ഇങ്ങനെ നരകിച്ചതെന്നാണ് നാട്ടുകാരെല്ലാം പറഞ്ഞത്.

“ശവം കാണാനെങ്കിലും അയാൾ പോവുമോ..”

ഓരോരുത്തരുടെ അഭിപ്രായങ്ങൾ പൊങ്ങി തുടങ്ങി. ഗോപേട്ടൻ അന്ന് ആ അമ്മയെ കാണാനായി പോയി. ~~[illegible]~~ വരാനിരുന്ന ചടങ്ങുകളെല്ലാം കഴിയും വരെയും അയാൾ അവിടെ തന്നെ നിന്നു. അന്ന് കള്ളുകുടിയ്ക്ക് അന്ത്യം വിരാമം കൂടി. അയാൾ കരഞ്ഞോ, ഇല്ലയോ, ഒന്നറിയില്ല.

അയാളുടെ മാനസികാവസ്ഥ എന്താണെന്ന് എനിക്കിപ്പോഴും ചിന്തിക്കാൻ കഴിയുന്നില്ല. നാട്ടുകാരും, അമ്മയും എല്ലാം പറയുന്നത് കാളിത്തള്ളയുടെ ആത്മാവ് ഇവിടെ തന്നെ

കിണറും, സ്വന്തം മകനെ മരിക്കുന്നതിന മുമ്പ് ഒന്ന കാണാത്തതിനാൽ ആത്മാവ് ഒരിക്കലും സന്തോഷിക്കില്ല ഉണ്ണാതക്കയാണ്. അവസാനത്തെ ആഗ്രഹം അവർക്ക് അവരുടെ മകനെ ഒരു നോക്ക് കാണണം എന്നു തന്നെയായിരുന്നു. അതിന സാധിച്ചില്ല.

അമ്മയെ മരിക്കുന്നതിന് മുമ്പ് കാണാൻ കഴിയാത്ത പോയ ഗോപേട്ടന്റെ സങ്കടം മാറണം....
ആ അമ്മയുടെ ആത്മാവിന് ശാന്തി ലഭിക്കണം.....

- അശ്വതി. ഡി.


Rolvin

# AMOUR

"You, yourself as much as anybody in the entire universe deserve your love and affection." Rightlly quoted anonymously. Loving yourself is the best antidepressant. But many of our ideas about it are wrong. The less you have, the more depressed you're likely to feel

Love is critical for your mind and body as oxygen. It isn't negotiable. love is propably the best antidepressant there because one of the most common source of depression is feeling unloved. Most depressed people don't love themselves and they don't be loved by others.

There is mythology in our culture that love just happens. As a result, the depressed often sits around passively waiting someone to love them. But love doesn't work that way. To get love Keep loving yourself go out and be active

So, Keep calm and .... Live Laugh and Love yourself !!

Ananya. M.M.

# अनदेखा

यह वक्त को बीतने दो
महफ़िल जमाके उसे बरसने दो।
इस सिलसिले में मुझे भीगने दो।
इन आँसुओं को दिखने न दो।

कमरा - कमरा कहकर मिट्टी को दबाती थे
मेरी आँखों की या उस फलक की ?
काश ! आसमानी कतरों में नैनी - कतरा -
खेले चुप्पा - चुप्पी
मगर बेशरम नैनी - कतरा हरा दी
जोर - जोर की आकाशी जंग की।


बेज़ुबान तो मैं हूँ ही,
अपनी चालाकी नैनों से हारी
पर कतरा की मन बड़बड़ाती है -
आँखों से न फिसल जाए'।

हुई भी सपनों से मेरी टकरार
कहने में है थोड़ी इकरार
जिसे मैं न कर पाऊँगी इंतहार
आज सब की एहसास है बेकरार।

शहद का डब्बा देखी थी

पहचाना गलतफहमी के बाद मे
जहर का डब्बा लिया था
किसमत पर कमबक्त की है राज।
पैदा हुई लड़की तो
आँसु उसकी साँसो की सहेली
खुदा ! आकाशी कातश की फौज न थक जाए
ताकि नैनी कातशें को कोई आदमी न पहचाने।

माया लक्ष्मी



# സൗഹൃദം

രണ്ട് വഴികളിൽ നിന്ന് ചേർന്നവർ നമ്മൾ.....

ഇരിക്കൽ മരങ്ങൾ ഇല കൊഴിക്കുന്നതും

അവ പച്ചവിരിച്ച് നിറയുന്നതും

നമ്മൾ കണ്ടുനിന്നതും തോളോടുതോൾ നിന്ന് കണ്ട

കാഴ്ചകളും.

വാചാലമായ മൊഴികളും ഇന്നും ബാക്കി നിൽക്കുന്നു.

ആ വഴികൾ തന്നെയാണ് ഇന്നും നമ്മെ ചേർത്ത് നിർത്തുന്നതും.

ഇനി എത്ര വർഷങ്ങൾ കഴിഞ്ഞാലും ആ ആൽമരചുവട്,

നമ്മുടെ ജൽപനങ്ങൾക്കും, പുഞ്ചിരിക്കും, കഥകൾക്കും,

വേണ്ടി കാത്തിരിക്കും!

ആ വഴികൾ തന്നെ നമ്മെ വീണ്ടും വരവേൽക്കും.


— ഗാർഗി. എ.

## അമ്മ......

അമ്മേ നിൻ സ്നേഹമാം കണ്ണുനീർ തുള്ളിതൻ

ആഴം വരില്ലൊരിക്കലുമീ അനന്തമാം സാഗര-

ത്തിൻ നീലിമക്ക്......



ഗംഗ.എ

# പ്രയാണം

കാലത്തിൻ ദിശയിലൊഴുകുന്നു ഞാൻ..
അലക്ഷ്യമാം പ്രയാണമെൻ ജീവിതം....

വിരൽത്തുമ്പിൽ കരുതൽ കോർത്ത നാളുകൾ...
വിങ്ങുന്നൊരാ നഷ്ടബോധമായ് മാറിയെൻ ബാല്യം..



വന്നെത്തി ഒരു വസന്തമായ് എൻ കൗമാരം..
അവിടെ എനിക്കായ് കാത്തിരുന്നതൊരായിരം തോഴർ..

മൂർച്ചയേറിയ ചിന്തകൾ, നിറം ചാലിച്ച സ്വപ്നങ്ങൾ...
അന്നെന്നിലെ യൗവനമെന്ന അതിഥിയെ ഞാനറിഞ്ഞു...

ഏകാന്തതതൻ കൈപ്പുനീരും കുടിച്ചു ഞാൻ അന്നാളിൽ....
വിളിക്കാതെ വന്നൊരെൻ രണ്ടാം ശൈശവം, വാർദ്ധക്യം....

അനന്തതയുടെ പൂമാലകൾ തീർത്തൊരാ പ്രയാണം അവസാനത്തിലേക്ക്...
കാത്തിരിപ്പൂ ഞാൻ, നിത്യശാന്തിയേകു നീ......

– കൃഷ്ണേന്ദു സലിലൻ.


# അവർക്കു മദ്ധ്യേ

കാറ്റും കുന്നും.....

അവർ പ്രണയത്തിലായിരുന്നു... കാലങ്ങൾ നീണ്ടു നിന്ന പ്രണയം... അവളുടെ വിഷമങ്ങളെ മാറ്റാൻ അവനറിയാമായിരുന്നു... അവളുടെ ദാഹമകറ്റാൻ ദൂരെ നിന്നും കാർമേഘത്തേരിൽ ഏറി അവൻ വരുമായിരുന്നു... എന്നുമുള്ള തലോടലുകളിലൂടെയും അവരുടെ പ്രണയം വളർന്നു... എന്നും കാണാൻ വരാമെന്നുള്ള അവന്റെ വാക്ക് അവൻ എന്നും പാലിച്ചു... ഒരിക്കൽ അവൻ വന്നപ്പോൾ അവളിരിക്കാറു-ള്ളിടത്ത് അവളില്ല... ഒരുപാട് അലഞ്ഞു... കണ്ടു നിന്ന വെയിൽ പറഞ്ഞു "അവൾ നിന്നെ തേച്ചു"... പൊട്ടിക്കരഞ്ഞു കൊണ്ട് അവൻ താഴെ വീണു... അവന്റെ കണ്ണീർ പേമാരിയായി...

അവന്റെ സങ്കടങ്ങളിൽ അവളെ പഴിക്കൽ നിറഞ്ഞു... അവനു കൂട്ടുവന്ന മഴയും അവളെ തേപ്പുകാരിയാക്കി... ഒന്നു ശബ്ദിക്കാൻ ആവാതെ അവൾ ആ പുഴക്കു മീതെ നിറഞ്ഞു കിടന്നു... അവന്റെ കണ്ണുനീർ ചാലിനു പോലും തുളച്ചു കടക്കാനാവാത്ത വിധം അവൾ അടിച്ചമർത്തപ്പെട്ടു-കഴിഞ്ഞിരുന്നു... അവന്റെ തൊട്ടു താഴെ. അവനെ മാത്രം ഓർത്തു കൊണ്ട് അവൾ ഒരുപിടി മണ്ണായ് ഒടുങ്ങിയത് അവനും അറിഞ്ഞില്ല.....

# അറിഞ്ഞിട്ടും നീ
# അറിയാതെ ഭാവിച്ചതാണോ



ഒരു സൂര്യ നാളം പോലെ
നീ എന്നിൽ ജ്വലിച്ചപ്പോഴും

എന്റെ കിനാവിൽ ഞാൻ നിന്നെ
കൂടെ കൂട്ടിയപ്പോഴും

എന്റെ പുഞ്ചിരിയുടെ പുറകിലെ
വലിയ രഹസ്യമായ് നീ
മാറിയപ്പോഴും


നീ അറിഞ്ഞില്ല, അതോ അറിഞ്ഞിട്ടും
അറിയാതെ ഭാവിച്ചതാണോ??

ഓരോ നിമിഷവും എന്റെ കണ്ണുകൾ
നിന്നിലേക്ക് വ്യതിചലിച്ചപ്പോഴും

എന്റെ സ്വപ്നങ്ങൾ നീ
വർണ്ണാഭമാക്കിയപ്പോഴും
നീ അറിഞ്ഞില്ലേ..?

എന്നിൽ നിന്ന് നീ അകന്നിട്ടും
ദൂരങ്ങളിൽ നീ സഞ്ചരിച്ചിട്ടും
കാലത്തിന്റെ കുത്തൊഴുക്കിൽ
നീ അറിയുന്നു
എന്റെ മധുരമാം പ്രണയം...

– നവ്യ. കെ. പി.



Krishnenthu Salilan.

# ആത്മാവിന്റെ രോദനം.

ഒരു നല്ല സ്വപ്നത്തിൽ ഞാൻ
ഏറെ പൊട്ടിച്ചിരിച്ചോ ഇല്ലാ,
പിന്നെ എങ്ങനെ ഏങ്ങികരഞ്ഞോ,
മനസ്സിലെ മരുപ്പാവിലെ കിളിവാതിലിൽ
തുറന്ന കണ്ണുമായ് ഞാൻ കാത്തിരിപ്പൂ.
ആരെയെന്നെനിക്ക് നിശ്ചയമില്ല.
ശാന്തമായ് ഞാൻ വീണ്ടും കാത്തിരിപ്പൂ.
തേനൂറും ചിന്തകൾ ചിന്തിയ അതെ,
കോൾമയിൽക്കൊള്ളിച്ചു, പക്ഷെ
മറന്ന എനിക്കറിയാൻ കഴിയുന്നില്ലാ..
ഞാനാരെ പ്രതീക്ഷിക്കുന്നു, പറയാൻ അറിയുന്നില്ല.
ഇടനാഴിയിലൂടെ അലറിക്കരഞ്ഞു ഞാൻ,
പക്ഷെ എൻനാദം കണ്ഠത്തിൽ കുരുങ്ങി,
ഇടനെഞ്ചു പൊട്ടി ഞാൻ പൊട്ടിക്കരഞ്ഞു.
ഒരുതുള്ളി കണ്ണുനീർ ഇറ്റുവീണപ്പോ, പിന്നെയെനിക്കാ
ഉൾവിളികിട്ടി. ഞാനാരോ,
വെറും കേവലമൊരാത്മാവ് മാത്രം.... — സലീഖ.




ICC ഓർമ്മകളിലേക്ക് ഒരു തല തിരിഞ്ഞുനോട്ടം

# Go Motive...

Motivation is a powerful, yet tricky beast. Sometimes it is so easy to get motivated, & we can find ourself delighted up in a whirlwind of excitment. Whereas in other times it is impossible to figure out how to get motivated & ends up in procrastination. So if you wish to change your life & reach your goals, then motivation needs to be created.

So what is motivation exactly? We can say that it is our general willingness to do something, which can be set of psychological forces that compel us to take an action. So this can be used as a driving force to reach our goal.

There are two types of motivation. The first one is "from" and the other one is "to". The first one is motivation of escape or to avoid some troubles. For example, to prepare exams in order to avoid failure etc. In second one

people are trying to get something or acheive as a result of action taken. For example, we clean room to keep them clean & tidy.

So to keep ourselves motivated note the following points in your mind:


1) Exercise consistently
2) Become more creative by practising.
3) Start each day stress free, with help of meditation
4) Sleep better in a calm atmosphere.

This is how some of the most prolific artists keeps themselves motivated to keep up thier work.

At times, if you see your modivation fade away just remember that your mind is a suggestion engine, just try to keep the schedule & stick to it. Every suggestion that comes to your mind is not orders, they are options. You have the power to choose the option & follow it. Discomforts are temporary, just you need step into moment and strengthen yourself. You will never regret when your good work once is done.

– Amarjith. S.

# ഞാൻ പക്ഷി




ഉച്ചവെയിലിന്റെ ഉത്തരത്തിൽ തൊണ്ടവരണ്ട്
നിൽക്കുമ്പോൾ
തൊണ്ടയിൽ പാതിവെച്ച് മുറിഞ്ഞ
പ്രതിഷേധങ്ങൾ
വായിലെത്താതെ മരിക്കുമ്പോൾ ഓർക്കും
ഒന്ന് തെളിനീരുകൊണ്ട് മുഖം കഴുകി
സ്വതന്ത്രമായൊന്ന് ഓരിയിട്ട്, ഒന്നുറക്കെ പാടി
ആരും കാണാതെ ആരോടും പറയാതെ
പറന്ന് പോകണമെന്ന് ഒരു പക്ഷിയായി।

രാത്രി ഇരുട്ടിൽ ഒരു പെണ്ണായി
പേടിച്ച് പേടിച്ച് നീങ്ങുമ്പോൾ
നഗ്നതതേടി നീളുന്ന നീളൻ കൈകൾ തട്ടിമാറ്റി
ഒന്ന് പറന്നുയരാൻ വെറുതെ കൊതിക്കും
ഒരു പക്ഷിയായിരുന്നെങ്കിൽ !?

ആകാശം നഗ്നമാണെന്നും
ഒരു മറയുമില്ലാത്ത
അതിന്റെ നഗ്നതയിലൂടെ പക്ഷിയായ് ഞാൻ
പാറി നടക്കുമ്പോൾ
വേട്ടയാടപ്പെടാമെന്നും
ഇപ്പോൾ ഭയക്കുന്നു।
ഈ നെറികെട്ട കാലത്ത്
ഒരു പക്ഷിയാവുക എന്നത്
വേടന്റെ കണ്ണിലെ അമ്പാവുക
എന്ന് തേടും പോലെയാണ് ........!

ദിവീന എ.എസ്

# വലുതും ചെറുതും



അനുഭവങ്ങൾ പലതാണ്...... പക്ഷേ എല്ലാം ചിറകുകൾ

ബന്ധിക്കപ്പെട്ടവയായിരുന്നു...

കുഞ്ഞെന്ന കാരണത്താൽ മൊട്ടിലെ വീണുപോയ നൂറു കിനാക്കളു-

ണ്ടായിരുന്നു.......

കൗമാരത്തിന്റെ എടുത്തുചാട്ടമെന്നു മുദ്രകുത്തപ്പെട്ടവ.....

പിന്നീട് പെണ്ണിന്റെ പാഴ് മോഹങ്ങളെന്നു പറഞ്ഞ് എഴുതിത്തള്ളിയ
വ.....

ഒരിക്കൽ അമ്മയുടെയും അമ്മൂമ്മയുടെയും അരുതുകളിൽ

തട്ടി വീണു പോയവ......

വളർന്നപ്പോൾ പ്രിയതമന്റെ വിലക്കുകളിൽ ഒതുങ്ങിപ്പോയവ......

ശേഷം കരിപുരണ്ട നാല് ചുമരിനുള്ളിൽ ഒരു താലിമാലയുടെ

കുരുക്കിൽ കുടുങ്ങി കിടന്നവ.......

പത്തു മാസത്തിന്റെ മരണവേദനയിൽ മുങ്ങിപ്പോയവ.....

മക്കൾക്കുവേണ്ടി ഉറക്കമൊഴിച്ചോർക്കാൻ പോലും മറന്നു പോയവ......

സനാഥയാകിലും അനാഥയായി ഇരുട്ടറയിൽ ജരാനരകളോടെ പുനർജ്ജ-
നിക്കുന്നവ....

മരണവും ഒടുവിൽ പുതിയതുടക്കം കണ്ട് അനക്കമില്ലാത്തവ........

മിഥുല ബി. എൻ


FOLLOW INDIAN CONSTITUTION
Article 360
buy Property
RTI
370
IS THIS END OF DISPUTES ?!!
LADAKH

## ഉരുകയുന്ന ജമ്മു-കാശ്മീർ......

കാശ്മീരിന്റെ ഭരണഘടനാ പരിരക്ഷ എടുത്തുകളയാനും വിഭജിക്കാനും അമിത്ഷാ പാർലമെന്റിൽ അവതരിപ്പിച്ച ബിൽ ആത്യന്തികമായി കാശ്മീരിനെ ചോരയിൽ മുക്കിക്കൊല്ലുന്നതാണ്. സമഗ്രാധിപത്യത്തിൽ ഭരണഘടന പച്ചയ്ക്ക് അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ജനാധിപത്യത്തെയും പാർലമെന്റിന്റെ അന്തസത്തയെയും പൂർണ്ണമായും അട്ടിമറിച്ച് ഹിന്ദുരാഷ്ട്രീയത്തിന് അടിത്തറ നിർമ്മിച്ചിരിക്കുന്നു ഹിന്ദുത്വ ഫാസിസ്റ്റ് ഭരണകൂടം. ഭരണഘടനയുടെ 370-ാം വകുപ്പ് ഇന്ന് നീക്കം ചെയ്തെങ്കിൽ നാളെ മറ്റെല്ലാം വകുപ്പുകൾ നീക്കം ചെയ്യുമെന്ന് കാത്തിരുന്ന് കാണാം.

ഭരണഘടനയുടെ 370-ാം അനുച്ഛേദമനുസരിച്ച് പ്രതിരോധം, വിദേശനയം, വാർത്താവിനിമയം എന്നീ മൂന്നു മേഖലകളിലൊഴിച്ച് മറ്റൊരു മേഖലയിലും ഇന്ത്യൻ പാർലമെന്റ് പാസ്സാക്കുന്ന നിയമം ജമ്മുകാശ്മീരിന് ബാധകമല്ല. ഇന്ത്യൻ പ്രസിഡന്റിനു പോലും ഭൂമി വാങ്ങാൻ ഇന്ന് ഇവിടത്തെ നിയമം അനുവദിക്കുന്നില്ല.

ഈ പ്രത്യേക പദവി ഇന്ത്യാഗവൺമെന്റ് ആ സംസ്ഥാനത്തിന് നൽകിയ ഔദാര്യമോ പ്രത്യേക പരിഗണനയോ അല്ല മറിച്ച് ജമ്മുകാശ്മീരിന്റെ സ്വതന്ത്രമായ അവകാശത്തെ അംഗീകരിക്കുക മാത്രമാണ്.

1949 മെയ് മാസത്തിൽ ഇന്ത്യയിലെ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ ഭരണഘടന അംഗീകരിച്ച് ഇന്ത്യയുടെ ഭാഗമായി പൂർണ്ണമായും ചേർന്നു. ഇക്കാര്യത്തിൽ ജമ്മു-കാശ്മീർ വ്യത്യസ്തമായ നിലപാടാണ് എടുത്തത്. 10A യിൽ പറഞ്ഞിരിക്കുന്ന മൂന്നു കാര്യങ്ങൾ (പ്രതിരോധം, വിദേശകാര്യം, വാർത്താ വിനിമയം - എന്നിവയുടെ കാര്യത്തിൽ മാത്രമേ ഇന്ത്യൻ ഭരണഘടനയെ അംഗീകരിക്കൂ എന്ന് അവർ വ്യക്തമാക്കി. പുതിയതായി എന്തുനിയമം ബാധകമാക്കണമെങ്കിലും അതും കാശ്മീർ-ജമ്മു സർക്കാറിന്റെ അനുവാദത്തോടെ മാത്രമേ ആകാവൂ. അങ്ങനെയാണ് ജമ്മുകശ്മീരിന് പ്രത്യേക അവകാശം നിലനിർത്താനുള്ള ഇന്ത്യൻ ഭരണഘടനയുടെ 370ാം അനുച്ഛേദം ഉൾപ്പെടുത്തിയത്. ഈ അനുച്ഛേദം യാതൊരു കാരണവശാലും മാറ്റാൻ നിയമം അനുവദിക്കുന്നതല്ല എന്ന് ഇന്ത്യൻ സുപ്രീംകോടതിയും ജമ്മുകാശ്മീർ ഹൈക്കോടതിയും പലവട്ടം ആവർത്തിച്ചിട്ടുള്ളതാണ്.

ചരിത്രപരമായ ഈ വസ്തുതകളുടെ പശ്ചാത്തലത്തിൽ വേണം ഭരണഘടനയുടെ 370ാം വകുപ്പ് റദ്ദ് ചെയ്യുന്നതെന്ന സംഘപരിവാറിന്റെ പ്രധാന ആവശ്യത്തെ നോക്കിക്കാണാൻ. മാത്രമല്ല, 1952 ആഗസ്റ്റ് ഏഴാം തീയതി ലോകസഭയിൽ പ്രധാനമന്ത്രി നെഹ്റു നടത്തിയ പ്രസംഗം ഇതിലേക്ക് കൂടുതൽ വെളിച്ചം വീശുന്നു.


രാഷ്ട്രീയത്തിനായ്
അടിയറവ്
വെക്കേണ്ടതാണോ
സൗഹൃദം
?

An Islamophobic state

# എന്റെ നാട്ടും നാട്ടിലെ Phobia-യും

അവന്റെ താടിയും തൊപ്പിയും കാണുമ്പോളെ അറിയാം അവൻ ഏതു തരം ആണെന്ന്. പിന്നെ അത്തറിന്റെ കുത്തുന്ന മണവും കൂടെ കിട്ടിയാൽ ഉറപ്പിക്കാം.

Facebook ലൂടെ വെറുതേന്ന് വായിച്ചപ്പോൾ കണ്ട ഒരു comment ആണ് ഇത്.

വർഗ്ഗീയതയുടെ വിഷത്തൈകൾ സമൂഹത്തിൽ എത്രത്തോളം വ്യാപിച്ചു കഴിഞ്ഞു എന്ന് ഞാൻ അപ്പോൾ ചിന്തിച്ചു.

ഇതിനെപറ്റി ഇവിടെ എഴുതുമ്പോൾ ആണ് എനിക്കുണ്ടായ ഒരു അനുഭവത്തെപറ്റി ഓർമ വരുന്നത്. രണ്ട് ദിവസം വീട്ടിൽ കൂടി ഞായറാഴ്ച മൂവാറ്റുപുഴയിൽ നിന്ന് തൃശ്ശൂർക്ക് ബസ് പിടിച്ചു. യാത്ര കോളേജിലേക്കാണ്. പെരുമ്പാവൂർ എത്തിയപ്പോൾ അല്പം പ്രായം ഉള്ള ഒരു വ്യക്തി എന്റെ ഒപ്പം ഇരുന്നു. കയ്യിൽ കാര്യമായ luggage കണ്ടപ്പോൾ തന്നെ മനസ്സിലായി ഒരു ദൂരയാത്ര set-up ഉള്ള ആൾ ആണെന്ന്. ബസിൽ കാര്യമായ തിരക്കും ഇല്ല. അല്പം ദൂരം പിന്നിട്ടപ്പോൾ അയാൾ സംസാരിക്കാൻ തുടങ്ങി, പൊതുവേ യാത്ര ചെയ്യുമ്പോൾ Head set ചെവിയിൽ തിരുകി സ്വന്തം ലോകത്തിലേക്ക് ചുരുങ്ങുന്ന ഒരു സാധാ ചെറുപ്പക്കാരൻ തന്നെ ആണ് ഞാനും. അത് കൊണ്ട് തന്നെ ആ സംസാരത്തോട് അധികം താല്പര്യവും ഞാൻ കാണിച്ചില്ല. പക്ഷേ വിടാതെ അയാൾ സംസാരിച്ചുകൊണ്ടേ ഇരുന്നു. ഞാൻ Headset ഊരിമാറ്റാൻ നിർബന്ധിതനായി.

നാട്ടിലെ വിശേഷവും, വീട്ടിലെ വിശേഷവും എല്ലാം അയാൾ സംസാരിച്ചു. നാട്ടിലെ സ്ഥിതിവിശേഷങ്ങളെ പറ്റി എനിക്കുള്ള അഭിപ്രായങ്ങളും ഞാൻ പങ്കുവെച്ചു.

ശക്തൻ ബസ് സ്റ്റാൻഡിൽ എത്തിയപ്പോൾ ആണ് ആൾ എന്നോട് പേര് ചോദിക്കുന്നത്. ഞാൻ പേര് പറഞ്ഞ ഉടൻ എന്നോട് ചോദിച്ചത് മുസ്ലീം ആണോ എന്ന്.

അതെ എന്ന എന്റെ മറുപടിക്ക് ശേഷം അയാളുടെ മുഖം മാറി മുഖത്തെ ചിരിയും പ്രസാദവും മാഞ്ഞു.

ഒരു വളവും കൂടെ തിരിഞ്ഞാൽ KSRTC Stand ആയി. എന്നിട്ട് കൂടി അയാൾ എന്റെ അടുത്ത് നിന്ന് എഴുന്നേറ്റ് മാറി ഇരുന്നു.

എന്റെ പേരും, എന്റെ മതവും ആണ് അത് വരെ സംസാരിച്ച് ഇരുന്ന ആൾക്ക് ഒരു പ്രശ്നം ആയി മാറിയത്.

ഒരു മുസ്ലീം ആയത് കൊണ്ട്, ഞാൻ തൊട്ടുകൂടാത്തവനോ, അല്ലെങ്കിൽ ഒരു തീവ്രവാദിയോ ആയി മാറി.

"Islamophobia"; ഒരു മുസ്ലിമായ ഞാൻ Islamophobia-യെ പറ്റി സംസാരിക്കുമ്പോൾ ഞാൻ ഒരു പക്ഷെ തീവ്രവാദിയോ, വർഗ്ഗീയവാദിയോ ആയി മാറുന്നു.

നമ്മുടെ '0' വട്ടത്തിൽ ഉള്ള കേരളത്തിൽ മാത്രമോ അല്ലെങ്കിൽ ഇന്ത്യയിലോ മാത്രം കാണുന്ന പ്രതിഭാസം അല്ല ഇത് എന്നത് വേറൊരു വസ്തുത. ലോകം ചുറ്റും ഇതേ അവസ്ഥ തന്നെ ആണ്.
അത് കൊണ്ടാണ് ഗാസയിലും, ന്യൂസിലാന്റിലും, മ്യാൻമറിലും എല്ലാം മുസ്ലീം സമൂഹം വേട്ടയാടപ്പെടുന്നതും നാടുകടത്തപ്പെടുന്നതും.

ഇന്ത്യയിൽ വളർന്നു വരുന്ന സാഹചര്യം ന്യൂനപക്ഷ മതസ്ഥർക്ക് അങ്ങേയറ്റം ഭീഷണി ഉയർത്തുന്നതാണ്.


മാംസം കഴിച്ചതിന്റെ പേരിലും, "ജയ് ശ്രീറാം" മുഴക്കാത്തതിന്റെ പേരിലും വധിക്കപ്പെടുന്ന മനുഷ്യജീവനുകൾ ആണ് ഇതിനു സാക്ഷ്യം.

ഈ കുറിപ്പ് വായിക്കുമ്പോൾ എന്നെ ഒരു വർഗ്ഗീയവാദി ആയി ചിത്രികരിക്കാൻ നിങ്ങളുടെ മനസ്സുകൾക്ക് തോന്നുന്നു എങ്കിൽ നിങ്ങൾ മനസ്സിലാക്കുക, നിങ്ങളും ഈ phobia ക്ക് വിധേയർ ആയിരിക്കുകയാണ്ന്ന്. നിങ്ങളും ഉള്ളിന്റെ ഉള്ളിൽ അംബേദ്കർ പ്രവചിച്ചിരുന്ന, ഭയന്നിരുന്ന സമൂഹത്തിന്റെ ഭാഗം ആയിരിക്കുകയാണെന്ന്.

ആസിഫ് ഹുസൈൻ.


Rehna Ali

# എനിക്കായ് ....



മധുരമാം ഓർമ്മകൾ എൻ മനോവീചിയിൽ

രക്തധമനികളിൽ എന്നപോൽ

പ്രേമശരങ്ങൾ പായിക്കവേ.....

അകലെയാണെൻ പ്രിയൻ എന്നു ഞാൻ ഓർക്കവേ...

മരുഭൂമിയിലെന്ന പോൽ വറ്റിവരളുന്നുവെൻ

മധുര പ്രണയത്തിൻ

നേർത്ത നീരുറവയും

നിൻ നേർത്ത മന്ദഹാസത്തിൽ

നിഴലുതെല്ലില്ലാതെയെന്തിനായ്

നാഥാ എനിക്കായി പാഴ്ജന്മം.

താരാപഥങ്ങൾക്കുമപ്പുറം നിന്നുനീ കണ്ണീരൊഴുക്കുന്നു.

എന്തിനോ വേണ്ടി തുടിക്കുന്നൊരെൻ ചുടുമാറിലേക്കായ്.

ഇരുളിന്റെ മധ്യത്തിലെന്നെ -

തനിച്ചാക്കി എന്തിനു നീ എന്നെ വിട്ടകന്നു.

മരണമാം ഗർത്തത്തിനിരുണ്ട വാതിൽ താണ്ടി -


തിരികെ വരുന്നു നീ എനിക്കായ്.

എനിക്കായ് എനിക്കു മാത്രമായ് പ്രിയാ......

ഗംഗ. പി




The time to sit and relax is
when you don't have time...
for it.




Jamna Sherin K.

# വരവ്



ഒരു മഴമേഘത്തിൻ ഓർമയായ്

വന്നവൾ

നാളേക്ക് താങ്ങിത് ചൊല്ലി

ഒരുപാട് നാളായ് സ്വപ്നം കൊതിച്ചോനും

ഒരുവാടാ ഇലയായ് കരളുറച്ചു നിന്നോനും

ഒരു മഹാപ്രളയമായ് പാടി

മഴയായ് പെയ്തിട്ടും കാറ്റായ് വീശിട്ടും

മലമകളെ അവർ കാർന്നു.

കൊല്ലന്റെ മേട്ടിലെ ആളിക്കനലായി

ഇനിയും വരുമിന്നൊരുനാൾ

നൗഷാദ സംഗീതം മീട്ടുമീ വിണ്ണിലായ്

ഇനിയും വരുമിന്നൊരുനാൾ

ഒടിയനായ് നിന്നൊരാ പുഴയെ കവച്ചൊരാ

ബാലനെ ചെല്ലുമൊരുനാൾ

മാതൃസ്നേഹം തൻ നൊമ്പരം അകറ്റിയ

പുഴയെ കവയ്ക്കും ചിലപ്പോൾ

കാടന്റെ പാട്ടുകൾ പോകും വഴികളിൽ

കവളപ്പാറകൾ നടുങ്ങാം

ഇനിയൊരു പുത്തുമലയും ഞെരുങ്ങാം


ആരുമറിഞ്ഞില്ല അവളുടെ രോദനം.

തേയില ത്തോട്ടവും നാണയത്തുട്ടുമാ
സ്നേഹങ്ങളെയും പിളർക്കാം,
മണ്ണിൽ പുതഞ്ഞൊരീ നാളെതൻ സ്വപ്നങ്ങൾ
ഒന്നായി മീട്ടുമീ മണ്ണിൽ
തണലുകൾ കൊണ്ടൊരു ചങ്ങലകളെ
തടയണയാക്കിടാം,

ഇനിയൊരുമലയിലെ മണ്ണും മാറു
പിളർക്കില്ലെന്ന് ആശ്വസിക്കാം....

വരവിന്റെ പിന്നിലെ
കരങ്ങൾ ആകാതിരിക്കാം....

— അമൃത. കെ.




# ദുരന്ത ഭൂമിയിൽ....

അച്ഛൻ മെഴുകുതിരി വാങ്ങിവരാം, നിങ്ങൾ
അല്പം മുകളിൽ തന്നെ നിൽപതു
മെഴുകുതിരി വാങ്ങി തിരികെ വരുന്നേരം
അച്ഛാ അച്ഛായെന്നൊരാർത്ത നാദം
കേട്ടു ഞാൻ അമ്പരപ്പോടെ പകച്ചു നിന്നു.
മാമല ആർത്തിരമ്പി കുതിച്ചു വന്നു.
മാമരങ്ങൾ കടപുഴകി ഒഴുകി വന്നു.
മഴവെള്ള പാച്ചിലിൽ തൻ കുടുംബം
കൺമുമ്പിലങ്ങ് ഒലിച്ചുപോയി.
ആർത്തനാദം അന്തരീക്ഷത്തിലങ്ങനെ
മാറ്റൊലികൊള്ളുകയാണിന്നുമെന്നും.
മണ്ണുമാന്തിയന്ത്രം കോരിയ മണ്ണിന-
ടിയിൽ നിന്നുമാ ഓമനപുത്രന്റെ ചിന്നഭിന്നമായ
അവയവങ്ങൾ- ജീർണ്ണിച്ച ആ മുഖം -
ഒരു നോക്കു നോക്കാനെ ആവതുള്ളു.
എൻ പ്രിയ എന്നും ഞാൻ പടിയിറങ്ങുമ്പോൾ
ചെറു ചുംബനം തരുന്നതോർത്തുപോയി
മൂത്തമകളെ ഞാൻ അന്നു ചെറുപത്തിൽ
മുതുകിലേറ്റി ആന കളിപ്പിച്ചതൊന്നോർത്തുപോയി.
കണ്ണടക്കും നേരം എൻ മുമ്പിലെൻ മക്കൾ
കളിയും ചിരിയും പരിഭവുമായ് കടന്നുവന്നു.
ഇനിയുള്ള കാലം ഏകാന്തതടവറയിൽ
അഭയം തിരക്കാം കടത്തിണ്ണയിൽ



ശരണ്യ. എ.



## അഗത ക്രിസ്റ്റിയുടെ 'മിസ്സിസ് മഗിന്റി മരിച്ചു' — ഒരു ആസ്വാദനം

ലോകസാഹിത്യത്തിൽ കുറ്റാന്വേഷണ നോവലുകളിലൂടെ തന്റേതായ സ്ഥാനമുറപ്പിച്ച വനിതയാണ് അഗത ക്രിസ്റ്റി. 'മിസ്സിസ് മഗിന്റി മരിച്ചു' എന്ന നോവലിലേക്ക് വരുമ്പോൾ, ഒരുപക്ഷേ ഷെർലക് ഹോംസ് കഥകളേക്കാൾ സങ്കീർണ്ണത മെനഞ്ഞെടുക്കാൻ അഗതയ്ക്ക് കഴിയുന്നു. കുറ്റാന്വേഷണ നോവൽ വായിച്ചുശീലമുള്ള, ബുദ്ധിമാൻമാരായ വായനക്കാരെപ്പോലും തെറ്റിദ്ധരിപ്പിക്കാൻ കെല്പുള്ള കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും നോവലിൽ ധാരാളമായി കാണാം.

പല വീടുകളിലായി ജോലിചെയ്തിരുന്ന മിസ്സിസ് മഗിന്റി എന്ന ഒരു പാവം വീട്ടുവേലക്കാരി ഒരു ദിവസം മരിച്ചനിലയിൽ കാണപ്പെടുന്നു. അവരുടെ വീട്ടിൽ വാടകക്കാരനായി താമസിച്ചിരുന്ന, എഴുത്തുകാരിയുടെ ഭാഷയിൽ 'വിലക്ഷണനും നിർദോഷിയുമായ' ജയിംസ് ബെന്റ്ലി എന്ന ചെറുപ്പക്കാരൻ കുറ്റവാളിയെന്ന് മുദ്രകുത്തപ്പെട്ട് തൂക്കിലേറാൻ വിധിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ, അന്വേഷണോദ്യോഗസ്ഥനായ സൂപ്രണ്ട് സ്പെൻസിന് ബെന്റ്ലിയല്ല കുറ്റവാളിയെന്ന് ഉറപ്പുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം പ്രൈവറ്റ് ഡിറ്റക്റ്റീവായ ഹെർക്യൂൾ പൊയ്റോട്ടിനെ സമീപിക്കുന്നു. പൊയ്റോട്ട് നടത്തുന്ന അന്വേഷണങ്ങളും അതിലൂടെ ഉരുത്തിരിഞ്ഞുവരുന്ന സത്യങ്ങളും പതിയെ അദ്ദേഹത്തെ യഥാർത്ഥ കുറ്റവാളിയിലേക്ക് നയിക്കുന്നു.


കഥയിലുടനീളം ആവിഷ്കരിക്കുന്ന ഓരോ കഥാപാത്രത്തിന്റെയും വേഷഭൂഷാദികൾ, ചേഷ്ടകൾ തുടങ്ങി എല്ലാം, പൊയ്റോട്ടിന്റെ സൂക്ഷ്മനിരീക്ഷണങ്ങൾ എന്ന ഭാവേന എഴുത്തുകാരി വിവരിച്ചിട്ടുണ്ട്. വായനക്കാരൻ കണ്ടുമടുക്കുന്ന ഒരു

കഥാപാത്രത്തിനും മറ്റൊന്നിനേക്കാൾ പ്രാധാന്യം കല്പിച്ചിട്ടില്ലെന്നതിനാൽ യഥാർത്ഥ കുറ്റവാളി ആരെന്ന ചോദ്യം ആദ്യാവസാനം പ്രസക്തമാണ്. കഥാഗതിയിൽ ഒരിടത്തും - പൊയ്റോട്ടിൽനിന്നല്ലാതെ - വായനക്കാരന് കുറ്റവാളിയെ പിടികിട്ടാനുള്ള സാഹചര്യമില്ല. അതുകൊണ്ടുതന്നെയാണ് 1976ൽ മരിച്ച അഗതക്രിസ്റ്റി ഇപ്പോഴും കുറ്റാന്വേഷണസാഹിത്യത്തിൽ കിരീടം വെക്കാത്ത രാജ്ഞിയായി നിലകൊള്ളുന്നത്.

എഡ്ജ്വയർ പ്രഭുവിന്റെ കൊലപാതകം, ഓറിയന്റ് എക്സ്പ്രസിലെ കൊലപാതകം, ചലിക്കുന്ന വിരൽ, മേശപ്പുറത്തെ ചീട്ടുകൾ, പതിമ്മൂന്നു പ്രശ്നങ്ങൾ എന്നിവ അഗതയുടെ നീണ്ട പുസ്തകനിരയിൽ ചിലതുമാത്രമാണ്. അഗത രചിച്ച 14 നാടകങ്ങളിൽ ഒന്നായ 'The Mouse trap' ലണ്ടനിൽ മുപ്പത് വർഷത്തോളം തുടർച്ചയായി വേദിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ബഹുഭൂരിപക്ഷം കുറ്റാന്വേഷണ നോവലിസ്റ്റുകളും ഡിറ്റക്ടീവായി പുരുഷൻമാരെ തിരഞ്ഞെടുത്തപ്പോൾ മിസ് മാർപ്പിൾ എന്ന ഒരു വനിതയെ ഡിറ്റക്ടീവാക്കാനുള്ള ധൈര്യം അഗതയ്ക്കുണ്ടായിരുന്നു. ഹെർക്യൂൾ പൊയ്റോട്ടിനെപ്പോലെ ജനസമ്മതി മിസ് മാർപ്പിളിനും ലഭിച്ചു. ഷെർലക് ഹോംസിന് ഡോ. വാട്സൺ എന്ന പോലെ പൊയ്റോട്ടിന് സന്തതസഹചാരിയായി ഹേസ്റ്റിംഗ്സിനെയും ചില നോവലുകളിൽ കാണാം.

കേവലം വസ്തുതകളിലും ഫോറൻസിക് വശങ്ങളിലും ഉടക്കി-നിൽക്കാതെ അന്വേഷണം നടക്കുന്ന ദേശത്തെ സംസ്കാരത്തിന്റെ ഒരു ഏകദേശരൂപം വരച്ചിടാൻ അഗതയ്ക്ക് സാധിച്ചിട്ടുണ്ട്. മക്ഗിന്റി കേസിൽ, കുറ്റകൃത്യം നടന്ന ബ്രോഡിന്നി എന്ന ഇംഗ്ലീഷ് ഗ്രാമത്തിന്റെ സംസ്കാരം വ്യക്തമാണ്. അഗതക്രിസ്റ്റിയെന്ന ഇംഗ്ലീഷ് വനിതയ്ക്ക് പൊയ്റോട്ട് എന്ന ബെൽജിയൻ ഡിറ്റക്ടീവിന്റെ ജീവിതം നേരിൽകണ്ടതുപോലെ വർണ്ണിക്കാൻ കഴിയുന്നത് എഴുത്തുകാരിയുടെ കാലദേശഭേദമില്ലാത്ത അറിവിനെ സൂചിപ്പിക്കുന്നു. അതുകൊണ്ടൊക്കെത്തന്നെയാണ് അഗതയുടെ കൃതികളിൽ പ്രസക്തമായ ഒന്നായി ഈ പുസ്തകം വിലയിരുത്തപ്പെടുന്നത്.

# അവൾ



ചുറ്റിലും ഒഴുകുന്ന വെളുപ്പ്,
അവളിൽ ആളിക്കത്തുന്ന രക്തത്തിൻ ഗന്ധം.....
ഒലിച്ചിറങ്ങുന്ന പെയ്ത്തു വെളുപ്പത്തേക്കാൾ
അവളെ അസ്വസ്ഥമാക്കിയത് കാലിടുക്കിനുള്ളിൽ
വാർന്നു കൊണ്ടിരിക്കുന്ന അവളിലെ
സ്ത്രീത്വമാണ്.....
പെയ്തു തീരാത്ത മഴയ്ക്കൊപ്പം
തന്നെയും ശപിക്കേണ്ടിവരികയാണവൾക്ക്

ആരതി. പി
S5 FOOD ENG

# എഴുത്തിന്റെ ചിത

അത്മഹത്യയായിരുന്നു.....

കേൾക്കാൻ കൂട്ടിനാരുമില്ലാത്തവന്റെ നിസ്സഹായാവസ്ഥ

അവസാനമായി ഞാൻ ആ മുഖത്ത് കണ്ടു.......

ആ നിമിഷവും പറയാൻ ഒരുപാട് ബാക്കി വച്ചവന്റെ തുടിപ്പ്

ആ ചുണ്ടുകളിൽ എനിക്ക് കാണാം......

നിത്യമായ ഉറക്കത്തെ വെള്ള പുതപ്പിക്കുമ്പോൾ അരികിലായി-

ഒരു കുറിപ്പ്.......


"സ്വയം മടുത്തവന്റെ ദൂതനായി തുടരാൻ ഇനിയും വയ്യ".....

മരണമാണ്

"എഴുത്തിന്റെ" ചിത എരിയുകയാണ്......

കണ്ടുനിൽക്കെ കണ്ണുകൾ നിറഞ്ഞു എങ്കിലും മുഖത്ത് -

പുഞ്ചിരിയായിരുന്നു.



— മിഥുല. ബി. ജോൺ


# Just Go On, They Say

Life will go on and on
Ups and downs are wanted, they say
Barely will we hear their voice
if they've walked in my shoes through my way

Here and there, happy faces
This is what life really is, I thought
Moving on, different people, differe places
to know me more, I faught

What we see are not always true
and the things unseen can be the truth
Foggy life, nothing clear
whom to trust and whom to fear?

People smile which I know is fake
Some simply go and some cause the life to quake
And when life sucks and turns away
'This is life, just go on' they say.



Nishana.

# विद्या और विद्यार्थी

काक चेष्टा बको ध्यानं स्वानं निद्रा तथैव च ।
अल्पहारी, गृहत्यागी, विद्यार्थी पंच लक्षनं ॥

सुखार्थिनः कुतो विद्या, विद्यार्थिनः कुतो सुखम ।
सुखार्थी त्यजते विद्या, विद्यार्थी त्यजते सुखम ॥

विद्या ददाति विनयम, विनयाद् याति पात्रताम ।
पात्रत्वात धनमाप्नोति धनात ततः सुखम ॥

विद्वत्वं च नृपत्वं च, न स्व तुल्ये कदाचन ।
स्वदेशे पुज्यते राजा, विद्वान सर्वत्र पुज्यते ॥

ध्रुवराज बागरी






"Let me love you a little more
Before
You are not little anymore..."

Rehna Ali.

# My Goddess



My Goddess is none other than
the lady, who introduced me
to this whole new world with
whole hearted pleasure

She is a treasure trove
with a lot of Experience

She is who supports and guides
me towards the right path with
utmost love and care

Her advice seems bitter
but the fruit is always
sweet and lovely

My first cry made her smile,
but surely that rest of it had
hurt her deeply

She is irreplaceable, first and forever love
'LOVE' for my 'MOTHER' never ever ends
and cannot be shared with anyone


Arsha Sugathan

# പാവ

വേഗമേറിയ നിരത്തിലൂടെ അവർ നടന്നുനീങ്ങി. വഴിക്കച്ചവടക്കാർ സാധനങ്ങളുടെ ഗുണഗണങ്ങൾ ഉച്ചത്തിൽ വിളിച്ചുപറയുന്നു. അവർക്കു ചുറ്റും വാങ്ങാനും നോക്കാനുമായി ആളുകളും. ഇടുങ്ങിയ നിരത്തിലൂടെ ചാരു അച്ഛന്റെ വിരലും തൂങ്ങി നടന്നു. നാളെ അവളുടെ 6-ാം പിറന്നാൾ ആണ്. അതിനുള്ള ഷോപ്പിംഗിന് ഇറങ്ങിയതാണ് ആ അണുകുടുംബം. കേക്കും, ഡ്രസ്സും മറ്റു സാധനങ്ങളും കാറിൽ എത്തിക്കഴിഞ്ഞു. ഇനി ഈ വർഷത്തെ പിറന്നാൾ സമ്മാനം കൂടെ മതി. അതൊരു പതിവാണ്. തിരക്കുകൾക്കിടയിൽ നിന്നു മാറി അവർ ഒരു ചില്ലുകൂടാരത്തിൽ ചെന്നുകയറി. "എന്റെ ചാരുമോൾക്ക് അച്ഛൻ എന്താ വാങ്ങിത്തരേണ്ടെ" നെറ്റിയിൽ വീണുകിടക്കുന്ന മുടിയിഴകൾ വാത്സല്യത്തോടെ ഒതുക്കി വെച്ചുകൊണ്ട് അയാൾ ചോദിച്ചു. "ഈ പാവ മതിയച്ഛാ" പുഴുപ്പല്ല് കാട്ടി ചിരിച്ചുകൊണ്ട് അവൾ ചൂണ്ടിക്കാണിച്ചു. കടയിൽ വന്നു കയറിയപ്പോഴേ അവൾ ആ പാവയെ നോട്ടമിട്ടിരുന്നു. "പിന്നെന്താ..' മകളുടെ ആഗ്രഹം സാധിച്ചുകൊടുക്കുന്ന സ്നേഹനിധിയായി അച്ഛൻ. അതിനിടയിലാണ് അമ്മയുടെ കണ്ണിൽ ആ വിഡിയോ ഗെയിം ബോക്സ് ഉടക്കിയത്. അടുത്ത വീട്ടിലെ റോസിയുടെ മകൻ അതു കളിക്കുന്നത് കണ്ടിട്ടുണ്ട്. അന്നേ വിചാരിച്ചതാണ് ചാരുവിനും വാങ്ങിക്കണമെന്ന്. അവൾ ഓർത്തു. അച്ഛനും മകളും പാവയെ കളിപ്പിക്കുന്നതിനിടയിൽ

അവൾ അതൊരെണ്ണം എടുത്തു നോക്കി. ഇതൊക്കെ കളിച്ചു വളർന്നാലെ ചാരു നമ്മുടെ സ്റ്റാറ്റസിന് ഒത്തു വളരൂ. അമ്മയുടെ മനസ്സിലെ 'റെസിഡൻസ് ചെയർപേഴ്സൺ ഉണർന്നു.

'ബില്ല് പേ' ചെയ്ത് ഇത് മോൾടെ കയ്യിൽ വെച്ചുകൊടുത്തുകൊണ്ട് അമ്മ പറഞ്ഞു "പാവ വേണ്ട, ഇത് മതി. പാവ വെച്ച് കളിച്ചാൽ നീ വളരെ അന്തർമുഖയായി പോവും. ഇതാ നല്ലത്. ചാരുവിന്റെ ദയനീയമായ നോട്ടം അച്ഛനിലേക്കെത്തി, പക്ഷെ അയാൾക്കൊന്നും ചെയ്യാനുണ്ടായിരുന്നില്ല. വീഡിയോ ഗെയിമുമായി പുറത്തേക്കിറങ്ങുമ്പോൾ അവളുടെ വാടിയ മുഖം പാവയെ ഒന്നു കൂടി നോക്കി., ആ പാവയുടെ കണ്ണുകളും നിറഞ്ഞിട്ടുണ്ടായിരുന്നു. കൂടെ പോവാൻ കഴിയാത്തിട്ടോ.. അതോ കുഞ്ഞിന്റെ ഭാവി ഓർത്തിട്ടോ...




- ആതിര സജി.

യാത്ര തുടരാം...

ഒന്നും ഇവിടെ അവസാനിക്കുന്നില്ല. മരണം പോലും

ഒന്നിനുമന്ത്യമല്ലാത്തതിനാൽ നിന്റെ യാത്ര നീ

തുടരുക....

ആരോ? ആരുടേയും ഉത്തരങ്ങൾ തേടി

മുന്നോട്ടു പോവുക...

പിന്നിട്ട വഴികളെ നന്ദി വയ്ക്കുക...

തുടരുക...

COLLEGE OF AGRL. ENGG. & TECH.
LIBRARY
TAVANUR

# നന്ദി

സൃഷ്ടിക്കും സൃഷ്ടാവിനും

എനിക്കും നിനക്കും

നമ്മളെ ഒന്നായ് ചേർത്ത കാലത്തിനും

ചോർന്നൊലിക്കുന്നിടത്ത് ചോർത്താൻ

വന്നവർക്കും.

വഴിത്താരയിൽ കൂട്ടുനിന്ന ഓരോ

പുൽനാമ്പിനും.

VIENTORIANS

33rd Batch, 2017-Admission

KCAET Thavanur

Magazine-2019